എ.വൈ.ആർ

സബഇൽ രാജ്ഞിയുടെ നേതൃത്വത്തിൽ നടന്നിരുന്നത് ജനാധിപത്യഭരണമായിരുന്നു എന്നൊന്നും മനസ്സിലാക്കേണ്ടതില്ല. രാജസഭയും രാജ്യകാര്യങ്ങൾ പൗരപ്രമാണികളുമായി കൂടിയാലോചിക്കുന്ന സമ്പ്രദായവും ഏറക്കുറെ എല്ലാ രാജാക്കന്മാരും അവലംബിച്ചിരുന്നതാണ്. മഹാ സ്വേഛാധിപതിയായ ഫറവോന്നും ഒരു രാജസഭ ഉണ്ടായിരുന്നു. രാജാവിന്റെ ഇംഗിതങ്ങൾ നടപ്പിലാക്കാൻ സഹായിക്കുകയാണ് യഥാർഥത്തിൽ ഈ സഭയുടെ ദൗത്യം.



قَالَتْ يَا أَيُّهَا الْمَلَأُ أَفْتُونِي فِي أَمْرِي مَا كُنْتُ قَاطِعَةً أَمْرًا حَتَّىٰ تَشْهَدُونِ ﴿٣٢﴾

32. രാജ്ഞി തുടർന്നു: അല്ലയോ ജനപ്രമാണികളേ, ഈ പ്രശ്നം ഞാൻ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് സുചിന്തിതവും ആധികാരികവുമായ ഉപദേശം നൽകുവിൻ. നിങ്ങൾ സാക്ഷികളാകാതെ ഞാൻ ഒരു കാര്യവും തീരുമാനിക്കാറില്ലല്ലോ.

**32**

قَالَتْ = അവൾ പറഞ്ഞു (രാജ്ഞി തുടർന്നു) يَا أَيُّهَا الْمَلَأُ = അല്ലയോ ജനപ്രമാണികളേ

أَفْتُونِي = എനിക്കു വിധിനൽകുവിൻ (സുചിന്തിതവും ആധികാരികവുമായ ഉപദേശം നൽകുവിൻ)

فِي أَمْرِي = എന്റെ കാര്യത്തിൽ (ഈ പ്രശ്നം ഞാൻ എങ്ങനെ കൈകാര്യം ചെയ്യണമെന്ന്)

مَا كُنْتُ قَاطِعَةً أَمْرًا = ഞാൻ ഒരു കാര്യം (വും) തീരുമാനി(ക്കാറില്ലല്ലോ) ക്കുന്നവളായിട്ടില്ല

حَتَّىٰ تَشْهَدُونِ = നിങ്ങൾ സാക്ഷ്യം വഹിക്കുവോളം, ഹാജരാകുവോളം (സാക്ഷികളാകാതെ)

أَفْتُونِي - യുടെ മൂലപദം فتوى -യാണ്. ഇതിന്റെ അർഥം *ഖുർആൻ ബോധനം അന്നിസാഅ്* 127-ാം സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. എനിക്ക് സുചിന്തിതമായ അഭിപ്രായം അല്ലെങ്കിൽ ആധികാരികമായ ശിപാർശ നൽകുവിൻ എന്നാണ് ഇവിടെ أَفْتُونِي - യുടെ താൽപര്യം. കാര്യത്തിനും കൽപനക്കും ഭരണത്തിനും അധികാരത്തിനുമെല്ലാം امر ഉപയോഗിക്കും. ഇവിടെ فِي أَمْرِي എന്നതിന്റെ താൽപര്യം ഞാൻ നേരിടുന്ന ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് സുചിന്തിതവും ആധികാരികവുമായ ഉപദേശങ്ങൾ നൽകുവിൻ എന്നാണ്. സുലൈമാൻ നബിയുടെ കത്ത് രാജ്യത്തിനൊട്ടാകെയുള്ളതാണ്. അതിനെ എന്റെ കാര്യം (أَمْرِي)എന്നു പറഞ്ഞത് രാജ്ഞി രാജ്യത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ടാണ്. قطع - യിൽനിന്നുള്ള സ്ത്രീലിംഗ കർതൃപദമാണ് قَاطِعَةً. മുറിക്കുക, വിരമിക്കുക, ഉറപ്പായി തീരുമാനിക്കുക തുടങ്ങിയ അർഥങ്ങളിൽ - قطع - ഉപയോഗിക്കുന്നു. امر قطعي അസന്ദിഗ്ധമായ കാര്യം. قطع امرا എന്നാൽ കാര്യം ഖണ്ഡിതമായി തീരുമാനിച്ചു. കുടുംബബന്ധങ്ങളുടെ വിഛേദനം قطع الأرحام. സംസാരത്തിൽനിന്ന് വിരമിക്കുന്നതിന് قطع لسانه എന്നു പറയും. സാക്ഷ്യവും സാന്നിധ്യവുമാണ് شهادة. നിങ്ങളുടെ സാന്നിധ്യത്തിലല്ലാതെ, അല്ലെങ്കിൽ നിങ്ങൾ സാക്ഷ്യപ്പെടുത്താതെ എന്നാണ് حَتَّىٰ تَشْهَدُونِ - ന്റെ താൽപര്യം.

സൂക്തസാരമിതാണ്: സുലൈമാൻ നബിയുടെ ലിഖിതം കേൾപ്പിച്ച ശേഷം രാജ്ഞി രാജസഭയോടാവശ്യപ്പെട്ടു: ഗുരുതരമായ വിഷയമാണിത്. ഇതിൽ നിങ്ങളുടെ സുചിന്തിതമായ അഭിപ്രായങ്ങളും ആധികാരികമായ ഉപദേശ നിർദേശങ്ങളും എനിക്കാവശ്യമുണ്ട്. നിങ്ങളുടെ സാന്നിധ്യവും സമ്മതവുമില്ലാതെ രാജ്യകാര്യത്തിൽ ഞാനൊറ്റക്ക് ഒരു തീരുമാനവും എടുക്കാറില്ലല്ലോ. ഈ പ്രസ്താവനയിൽനിന്ന് രണ്ട് കാര്യങ്ങൾ വായിച്ചെടുക്കാം. രാജ്ഞിയുടെ പക്വതയും വിവേകവുമാണ് ഒന്ന്. തന്നോട് നിരുപാധികം കീഴടങ്ങാൻ ആവശ്യപ്പെട്ടിട്ടും സുലൈമാൻ നബിയുമായി പെട്ടെന്ന് ഒരു യുദ്ധത്തിലേർപ്പെടാൻ അവർ തയാറായില്ല. അത് കൂടുതൽ ആപത്താകുമെന്ന് മനസ്സിലാക്കി. അല്ലെങ്കിൽ, രാജസഭയോട്

ഉടനെ സൈന്യത്തെ സജ്ജീകരിക്കാനും യുദ്ധതന്ത്രങ്ങളാവിഷ്കരിക്കാനുമായിരുന്നു അവരാവശ്യപ്പെടുക. സമാധാനപരമായ സമീപനത്തിലായിരുന്നു അവർക്ക് താൽപര്യം. അതിനു രാജ്യത്തിന്റെ ഉറച്ച പിന്തുണ വേണ്ടിയിരുന്നു. രണ്ട്, ജനാഭിപ്രായത്തോടുള്ള രാജ്ഞിയുടെ താൽപര്യവും പ്രതിബദ്ധതയും. 'നിങ്ങൾ സാക്ഷികളാകാതെ ഞാൻ ഒരു കാര്യവും തീരുമാനിക്കാറില്ലല്ലോ' എന്ന വാക്യം അതാണ് സൂചിപ്പിക്കുന്നത്. ഇതിനെ സബഇൽ രാജ്ഞിയുടെ നേതൃത്വത്തിൽ നടന്നിരുന്നത് ജനാധിപത്യഭരണമായിരുന്നു എന്നൊന്നും മനസ്സിലാക്കേണ്ടതില്ല. രാജസഭയും രാജ്യകാര്യങ്ങൾ പൗരപ്രമാണികളുമായി കൂടിയാലോചിക്കുന്ന സമ്പ്രദായവും ഏറക്കുറെ എല്ലാ രാജാക്കന്മാരും അവലംബിച്ചിരുന്നതാണ്. മഹാ സ്വേഛാധിപതിയായ ഫറവോന്നും ഒരു രാജസഭ - ملأ - ഉണ്ടായിരുന്നു. രാജാവിന്റെ ഇംഗിതങ്ങൾ നടപ്പിലാക്കാൻ സഹായിക്കുകയാണ് യഥാർഥത്തിൽ ഈ സഭയുടെ ദൗത്യം. സഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത് രാജാവ് തന്നെയാണ്. രാജേഛയെ എതിർക്കുന്ന സഭാംഗങ്ങളെ പുറത്താക്കാനും കൊന്നുകളയാനുമൊന്നും രാജാവ് ഒട്ടും മടിക്കാറുമില്ല. ബിൽഖീസിന്റെ രാജസഭക്ക് അവരിൽ താരതമ്യേന കൂടുതൽ സ്വാധീനമുണ്ടായിരുന്നുവെന്നും അവർ സഭയെ കൂടുതൽ മാനിച്ചിരുന്നുവെന്നും കരുതാം. ■

---

قَالُوا نَحْنُ أُولُو قُوَّةٍ وَأُولُو بَأْسٍ شَدِيدٍ وَالْأَمْرُ إِلَيْكِ فَانْظُرِي مَاذَا تَأْمُرِينَ ﴿٣٣﴾

33. സബഇലെ ജനപ്രമാണിമാർ ബോധിപ്പിച്ചു: നമ്മൾ വൻശക്തിയും മഹാപരാക്രമശാലികളുമാകുന്നു. ഇനി തീരുമാനം രാജ്ഞിക്കു സമർപ്പിക്കുന്നു. എന്തു കൽപിക്കണമെന്ന് അവിടുന്ന് ആലോചിച്ചാലും.

**33**

قَالُوا = അവർ പറഞ്ഞു (സബഇലെ ജനപ്രമാണികൾ ബോധിപ്പിച്ചു)

نَحْنُ أُولُو قُوَّةٍ = നമ്മൾ ശക്തിയുടയവർ(വൻ ശക്തിയും)

وَأُولُو بَأْسٍ شَدِيدٍ = ഊറ്റമുള്ളവരു(മഹാപരാക്രമശാലികളു)മാകുന്നു

وَالْأَمْرُ إِلَيْكِ = (ഇനി) കാര്യം നിന്നിലേക്കാകുന്നു (തീരുമാനം രാജ്ഞിക്കു സമർപ്പിക്കുന്നു)

فَانْظُرِي = നീ നോക്കുക (അവിടുന്ന് ആലോചിച്ചാലും)

مَاذَا تَأْمُرِينَ = നീ എന്താണ് കൽപിക്കുന്നത് (എന്തു കൽപിക്കണമെന്ന്)

قُوَّةٍ ശക്തിയാണ്. സൈനിക ശക്തിയാണ് ഈ സന്ദർഭത്തിൽ ഉദ്ദേശ്യം. بَئِسَ - യുടെയും بُؤْسٌ - യുടെയും നാമരൂപമായി വരുന്ന പദമാണ് بَأْسٌ. ദുരിതത്തിലാവലാണ് بَئِسَ. കരുത്തും രണശൗര്യവും ധീരതയുമൊക്കെയായ بَؤُسَ യിൽനിന്നുള്ള بَأْسٌ ആണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

വചന താൽപര്യമിതാണ്: രാജസഭ രാജ്ഞിയെ ബോധിപ്പിച്ചു: മഹാറാണീ, നമുക്ക് കരുത്തുറ്റ സൈന്യമുണ്ട്. വേണ്ടുവോളം യുദ്ധോപകരണങ്ങളുണ്ട്. രണശൂരരായ പടയാളികളുണ്ട്. യുദ്ധതന്ത്ര വിദഗ്ധരുണ്ട്. ഇനി എന്തുവേണമെന്ന് മഹാറാണി തന്നെ ആലോചിച്ചു കൽപിച്ചാലും. സുലൈമാൻ നബിയെ സൈനികമായി നേരിടുന്നതിലേക്കായിരുന്നു സഭയുടെ ചായ്‌വ് എന്നാണ് ഈ പ്രതികരണം സൂചിപ്പിക്കുന്നത്. രണശൂരരായ വൻസൈന്യമുള്ള, ദേശാഭിമാനികളും ധീരരുമായ നാം യഹൂദ സൈന്യവുമായി ഏറ്റുമുട്ടാൻ ഭയപ്പെടേണ്ട കാര്യമില്ലെന്ന് ഉണർത്തുകയാണവർ. അതോടൊപ്പം രാജ്ഞി എന്തു തീരുമാനിച്ചാലും അത് ശിരസ്സാ വഹിക്കാൻ തങ്ങൾ തയാറാണെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു. ■

---

قَالَتْ إِنَّ الْمُلُوكَ إِذَا دَخَلُوا قَرْيَةً أَفْسَدُوهَا وَجَعَلُوا أَعِزَّةَ أَهْلِهَا أَذِلَّةً ۖ وَكَذَٰلِكَ يَفْعَلُونَ ﴿٣٤﴾

34. രാജ്ഞി ഉദ്ബോധിപ്പിച്ചു: രാജാക്കന്മാർ ഒരു നാട്ടിൽ കടന്നുകയറിയാൽ അതിനെ നശിപ്പിച്ചുകളയും. അതിലെ അഭിമാനികളായ നിവാസികളെ നിന്ദിതരാക്കുകയും ചെയ്യും. ഇതുതന്നെയാണ് അവർ ചെയ്യാറുള്ളത്.

**34**

قَالَتْ = അവൾ പറഞ്ഞു (രാജ്ഞി ഉദ്ബോധിപ്പിച്ചു) إِنَّ الْمُلُوكَ = തീർച്ചയായും രാജാക്കന്മാർ

إِذَا دَخَلُوا = അവർ കടന്നാൽ (കടന്നുകയറിയാൽ)

قَرْيَةً = ഒരു നാട്ടിൽ أَفْسَدُوهَا = അവർ അതിനെ നശിപ്പിച്ചു(കളയും)
وَجَعَلُوا أَعِزَّةَ أَهْلِهَا = അതിലെ അഭിമാനികളായ, പ്രതാപികളായ നിവാസികളെ ആക്കി(ക്കുകയും ചെയ്യും)
أَذِلَّةً = നിന്ദിതർ وَكَذَٰلِكَ = ഇപ്രകാരം (ഇതുതന്നെയാണ്) يَفْعَلُونَ = അവർ ചെയ്യുന്നു (ചെയ്യാറുള്ളത്)

ബിൽഖീസ് രാജ്ഞിയുടെ ബുദ്ധിയും വിവേകവും നയതന്ത്രജ്ഞതയും വിളിച്ചോതുന്നതാണ് ഈ സൂക്തങ്ങൾ. പ്രശ്നപരിഹാരത്തിന് സൈനിക നടപടിയിലേക്ക് എടുത്തുചാടാനുള്ള രാജസഭയുടെ ആവേശത്തെ അവർ പ്രോത്സാഹിപ്പിച്ചില്ല. സുലൈമാൻ നബി ഭരിക്കുന്ന രാജ്യത്തിന്റെ സൈനിക ബലത്തെയും വിഭവസമൃദ്ധിയെയും അവർ നന്നായി മനസ്സിലാക്കിയിരുന്നുവെന്നുവേണം കരുതാൻ. എങ്കിലും അത് വിശദീകരിച്ച് തന്റെ സഭയെ നിരാശപ്പെടുത്താൻ അവർ തുനിഞ്ഞില്ല. പകരം ഒരു പൊതുതത്ത്വമെന്നോണം ഉണർത്തി: രാജാക്കന്മാർ മറ്റൊരു നാട്ടിൽ പടയോട്ടം നടത്തിയാൽ ആ നാട്ടിലെ നിർമിതികളും വിഭവസ്രോതസ്സുകളും ജീവിതോപാധികളും തച്ചുതകർത്ത് നാടിനെ മുച്ചൂടും നശിപ്പിച്ചുകളയും. തോൽപിക്കപ്പെട്ട രാജ്യത്തെ അഭിമാനികളും മാന്യന്മാരുമായ പൗരന്മാരെ നിന്ദിതരും പീഡിതരും അവശരുമാക്കി ചിതറിക്കളയും. അങ്ങനെ ഒരു പുനരുത്ഥാനം ആഗ്രഹിക്കാൻ പോലും കഴിയാത്തവണ്ണം സ്വാതന്ത്ര്യവാഞ്ഛയും അഭിമാനബോധവും അവരിൽനിന്ന് ചോർന്നുപോകും. ഇവ്വിധമാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ഈ പ്രസ്താവനയിലൂടെ, പ്രബലരായ യഹൂദ രാജാവുമായി ഏറ്റുമുട്ടിയാൽ സബഇലും ഈ ദുരന്തചരിത്രം ആവർത്തിക്കുമെന്ന തന്റെ ആശങ്ക രാജസഭയുമായി പങ്കുവെക്കുകയാണവർ. ■

---

وَإِنِّي مُرْسِلَةٌ إِلَيْهِم بِهَدِيَّةٍ فَنَاظِرَةٌ بِمَ يَرْجِعُ الْمُرْسَلُونَ ﴿٣٥﴾

35. ഞാൻ അവർക്കൊരു സമ്മാനം കൊടുത്തയക്കാം. എന്നിട്ട് രാജദൂതന്മാർ എന്തു മറുപടിയുമായി തിരിച്ചുവരുന്നുവെന്നു നോക്കാം.

**35**

وَإِنِّي مُرْسِلَةٌ إِلَيْهِمْ = തീർച്ചയായും അവർക്ക് ഞാൻ അയക്കുന്നവളാണ് (കൊടുത്തയക്കാം)
بِهَدِيَّةٍ = ഒരു സമ്മാനം فَنَاظِرَةٌ = എന്നിട്ടു നോക്കുന്നവളാകുന്നു (നോക്കാം)
بِمَ يَرْجِعُ = എന്തുമായിട്ട് മടങ്ങുന്നു (എന്തു മറുപടിയുമായി തിരിച്ചുവരുന്നുവെന്ന്) الْمُرْسَلُونَ = (രാജ) ദൂതന്മാർ

തുടർന്ന് രാജ്ഞി സുലൈമാൻ നബിയുമായി സമാധാനപരമായ ഒരു ഒത്തുതീർപ്പിനു സാധ്യത തേടുന്ന പരിപാടി മുന്നോട്ടുവെക്കുന്നു. ആദ്യം നമ്മുടെ ദൂതന്മാർ വഴി സുലൈമാൻ രാജാവിന് ഒരു വിലപ്പെട്ട സമ്മാനം കൊടുത്തയക്കാം. സന്തോഷപൂർവം സ്വീകരിക്കപ്പെടുന്നുവെങ്കിൽ, അദ്ദേഹം നമ്മെ സമശീർഷയായി കരുതുന്നുവെന്നും സമാധാനപരമായ സഹവർത്തിത്വം ആഗ്രഹിക്കുന്നുവെന്നും കരുതാം. ഏതായാലും സമ്മാനം കൊണ്ടുപോയ രാജദൂതന്മാർ കൊണ്ടുവരുന്ന മറുപടിക്കു വേണ്ടി കാത്തിരിക്കുക. ഈ പരിപാടിയിലും മുഴച്ചുനിൽക്കുന്നത് രാജ്ഞിയുടെ സമാധാനകാംക്ഷയാണ്.

ഈ സൂക്തങ്ങൾ പൊതുവായ ചില തത്ത്വങ്ങൾ ഉൾക്കൊള്ളുന്നതായി ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു: 1. കത്തെഴുതുമ്പോൾ ആദ്യം സ്വന്തം പേര് വ്യക്തമാക്കിയിരിക്കണം. എന്നാൽ എഴുതപ്പെടുന്നയാളിന്റെ പേരുകൊണ്ട് തുടങ്ങുന്നതും അനുവദനീയമാകുന്നു. എഴുതപ്പെടുന്നയാളിന്റെ പേര് പിന്തിക്കുന്നത് അയാളെ ഇകഴ്ത്തലായി കരുതപ്പെടുമെങ്കിൽ എഴുതുന്നയാളിന്റെ പേര് പിന്തിക്കുന്നതാണ് നല്ലത്. 2. ബിസ്മി കൊണ്ടാണ് കത്ത് ആരംഭിക്കേണ്ടത്. ഒടുവിൽ മുദ്ര പതിക്കുകയും വേണം. മുഹമ്മദ് നബി(സ) പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: كرامة الكتاب ختمه (ലിഖിതത്തിന്റെ ആധികാരികത അതിന്റെ മുദ്രയാണ്). നബി(സ)ക്ക് لاإله إلاالله محمد رسول الله എന്ന് കൊത്തിയ ഒരു മോതിരമുണ്ടായിരുന്നു. അതാണ് തിരുമേനി കത്തുകളിലും മറ്റും പതിച്ചിരുന്നത്. സീലുകൾ ഏറെ ആവശ്യമായിട്ടുള്ളത് ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവരുടെ എഴുത്തുകുത്തുകളിലാണ്. സാമാന്യ ജനങ്ങൾക്ക് കൈയൊപ്പ് മതിയാകുന്നതാണ്. 3. ഉത്തരവാദപ്പെട്ടവർ യുദ്ധം, സന്ധി പോലുള്ള പൊതു കാര്യങ്ങളിൽ കാര്യവിവരമുള്ളവരുമായി കൂടിയാലോചന നടത്തേണ്ടതാകുന്നു. കാര്യങ്ങളിൽ ശിഷ്യന്മാരുമായി കൂടിയാലോചന നടത്തണമെന്ന് وَشَاوِرْهُمْ فِي الْأَمْرِ ഖുർആൻ (3: 159) പ്രവാചകനോട് കൽപിക്കുന്നുണ്ട്. കൂടിയാലോചനയെ സത്യവിശ്വാസികളുടെ വിശിഷ്ട സ്വഭാവമായി (وَأَمْرُهُمْ شُورَىٰ بَيْنَهُمْ- 42: 38) പ്രകീർത്തിക്കുകയും ചെയ്തിരിക്കുന്നു. 4. സൗഹൃദം സ്ഥാപിക്കാനും ദൃഢീകരിക്കാനും സമാധാനം നിലനിർത്താനും നല്ലൊരുപാധിയാണ് സമ്മാനങ്ങളുടെ കൈമാറ്റം. നബി(സ) പ്രസ്താവിച്ചതായി ഇമാം മാലിക് ഉദ്ധരിക്കുന്നു: تَصَافَحُوا يَذْهَبُ الْغِلُّ وَتَهَادَوْا تَحَابُّوا وَيَذْهَب الشحناء പരസ്പരം കൈ കൊടുക്കുവിൻ; മനസ്സിലെ കന്മഷം പോകും. സമ്മാനങ്ങൾ കൈമാറുവിൻ; പരസ്പരം സ്നേഹിക്കാം. ശത്രുത മാഞ്ഞുപോയ്ക്കൊള്ളും). ■